**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1554** **15-03-2022 - ൽ മറുപടിയ്ക്ക്**

**വിപണി ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. എ. പ്രഭാകരൻ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാലാവസ്ഥാ വ്യതിയാനവും പ്രവചനങ്ങൾക്കതീതമായി പെയ്ത മഴയും സംസ്ഥാനത്തെയും ഇതര സംസ്ഥാനങ്ങളിലെയും കാർഷികോല്പന്നങ്ങളുടെ ഉല്പാദനത്തിലുണ്ടാക്കിയ കുറവ് സംസ്ഥാനത്ത് പഴം, പച്ചക്കറി വില ക്രമാതീതമായി വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി നടത്തിയ വിപണി ഇടപെടൽ സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | ഉണ്ട്. പച്ചക്കറികളുടെ വില ക്രമാതീതമായി കൂടിയ സാഹചര്യത്തിൽ വിപണി വില പിടിച്ചു നിർത്തുന്നതിനായി ചുവടെ കൊടുത്തിരിക്കുന്ന മൂന്ന് രീതികളിലാണ് സംസ്ഥാന കൃഷി വകുപ്പ് ഇടപെടലുകൾ നടത്തിയത്. 1. ഹോർട്ടികോർപ്പ് വഴിയുള്ള പച്ചക്കറി സംഭരണവും വിപണനവും- പച്ചക്കറിയുടെ വിപണി വില കൂടിയ സാഹചര്യത്തിൽ ,പച്ചക്കറി സംഭരണ - വിപണനത്തിലേർപ്പെടുന്ന മുഖ്യ സർക്കാർ ഏജൻസിയായ ഹോർട്ടികോർപ് വഴി വിപണിയിൽ ഇടപെട്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. 2021-22 വർഷത്തിൽ ഹോർട്ടികോർപ് 4292.89 ടൺ പച്ചക്കറികൾ കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ചാണ് വിപണിയിൽ എത്തിച്ചത്. പച്ചക്കറികൾ പരമാവധി വില കുറച്ച് സംഭരിക്കുന്നതിനായി തമിഴ് നാട് , കർണാടക, ആന്ധ്ര പ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലെ കൃഷിവകുപ്പുമായും കർഷക സംഘടനകളുമായും ചർച്ച നടത്തുകയും, തെങ്കാശിയിൽ നിന്നും 18 ടൺ പച്ചക്കറിയും, ആന്ധ്രയിൽ നിന്ന് 10 ടൺ തക്കാളിയും നേരിട്ട് സംഭരണം നടത്തുകയുണ്ടായി. തക്കാളിയുടെ വില കിലോയ്ക്ക് 120 രൂപ വരെ കൂടിയ സാഹചര്യത്തിൽ, പാലക്കാട് ജില്ലയിലെ കർഷകർ ഉൽപ്പാദിപ്പിച്ച 78 ടൺ തക്കാളി ഹോർട്ടികോർപ്പ് നേരിട്ട് സംഭരിച്ച് മറ്റ് ജില്ലകളിൽ എത്തിച്ച് കിലോയ്ക്ക് 50 രൂപ നിരക്കിൽ വിതരണം നടത്തി. മറ്റു പച്ചക്കറികൾക്ക് പൊതു വിപണിയെക്കാൾ 20-30% വില കുറച്ചു നൽകുകയും ചെയ്തു. 2. തക്കാളി വണ്ടികൾ- എല്ലാ ജില്ലകളിലും കൃഷി വകുപ്പിന്റെയും വി.എഫ്.പി.സി.കെ യുടെയും നേതൃത്വത്തിൽ, 17.12.2021 മുതൽ 30.12.2021 വരെ, 28 സഞ്ചരിക്കുന്ന വിപണികൾ തക്കാളി |

| | | | |
|---|---|---|---|
| | | | വണ്ടികൾ എന്ന പേരിൽ പ്രവർത്തിക്കുകയുണ്ടായി. ഇത്തരത്തിൽ 30.12.2021 വരെ 67 ടൺ പഴം പച്ചക്കറികൾ 29.26 ലക്ഷം രൂപയ്ക്ക് വില്പന നടത്തി. 3. ക്രിസ്തുമസ് പുതുവർഷ വിപണികൾ ഉത്സവകാലത്ത് പച്ചക്കറികളുടെ വില വർദ്ധനവിൽനിന്നും സാധാരണക്കാരെ സഹായിക്കുന്നതിനായി 2000 ഓണവിപണി കളും 1562 ക്രസ്തുമസ് പുതുവർഷ വിപണികളും സംഘടിപ്പിച്ചു. കൃഷി വകുപ്പ് നേരിട്ട് നടത്തിയ ക്രിസ്തുമസ് പുതു വർഷ വിപണികൾ വഴി ഏകദേശം 473 ടൺ പച്ചക്കറികൾ ഉൾപ്പെടെ ആകെ 2043 ടൺ പച്ചക്കറികൾ ന്യായവിലക്ക് ഈ കാലയളവിൽ ഉപഭോക്താക്കൾക്ക് എത്തിക്കാൻ സാധിച്ചു. ഉത്സവ കാലങ്ങളിൽ കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതു വിപണികളിൽ നിന്നും ലഭ്യമാകുന്ന അതാത് ഇനങ്ങളുടെ സംഭരണ വിലയേക്കാൾ 10% അധികം വില നൽകി സംഭരിക്കുകയും, വിപണികളിലൂടെ വിൽപ്പന നടത്തുമ്പോൾ പൊതു വിപണി വിൽപ്പന വിലയിൽ നിന്നും 30% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയുമാണ് വിപണികൾ പ്രവർത്തിച്ചത്. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലക്ക് ഉൽപന്നങ്ങൾ ലഭ്യമാക്കാനും സാധ്യമാകുന്നു. |
| (ബി) | കൂടാതെ, വിലക്കയറ്റം പിടിച്ചു നിറുത്തുന്നതിനായി നടത്തിയിട്ടുള്ള മറ്റ് പ്രവർത്തനങ്ങൾ ഏന്തെല്ലാം; വിശദീകരിക്കാമോ; | (ബി) | ഉണ്ട്. പച്ചക്കറികളുടെ വില ക്രമാതീതമായി കൂടിയ സാഹചര്യത്തിൽ വിപണി വില പിടിച്ചു നിർത്തുന്നതിനായി ചുവടെ കൊടുത്തിരിക്കുന്ന മൂന്ന് രീതികളിലാണ് സംസ്ഥാന കൃഷി വകുപ്പ് ഇടപെടലുകൾ നടത്തിയത്. 1. ഹോർട്ടികോർപ്പ് വഴിയുള്ള പച്ചക്കറി സംഭരണവും വിപണനവും- പച്ചക്കറിയുടെ വിപണി വില കൂടിയ സാഹചര്യത്തിൽ ,പച്ചക്കറി സംഭരണ - വിപണനത്തിലേർപ്പെടുന്ന മുഖ്യ സർക്കാർ ഏജൻസിയായ ഹോർട്ടികോർപ് വഴി വിപണിയിൽ ഇടപെട്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. 2021-22 വർഷത്തിൽ ഹോർട്ടികോർപ് 4292.89 ടൺ പച്ചക്കറികൾ കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ചാണ് വിപണിയിൽ എത്തിച്ചത്. പച്ചക്കറികൾ പരമാവധി വില കുറച്ച് സംഭരിക്കുന്നതിനായി തമിഴ് നാട് , കർണാടക, ആന്ധ്ര പ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലെ കൃഷിവകുപ്പുമായും കർഷക സംഘടനകളുമായും ചർച്ച നടത്തുകയും, തെങ്കാശിയിൽ നിന്നും 18 ടൺ പച്ചക്കറിയും, |

| | | | |
|---|---|---|---|
| | | | ആന്ധ്രയിൽ നിന്ന് 10 ടൺ തക്കാളിയും നേരിട്ട് സംഭരണം നടത്തുകയുണ്ടായി. തക്കാളിയുടെ വില കിലോയ്ക്ക് 120 രൂപ വരെ കൂടിയ സാഹചര്യത്തിൽ, പാലക്കാട് ജില്ലയിലെ കർഷകർ ഉൽപ്പാദിപ്പിച്ച 78 ടൺ തക്കാളി ഹോർട്ടികോർപ്പ് നേരിട്ട് സംഭരിച്ച് മറ്റ് ജില്ലകളിൽ എത്തിച്ച് കിലോയ്ക്ക് 50 രൂപ നിരക്കിൽ വിതരണം നടത്തി. മറ്റ പച്ചക്കറികൾക്ക് പൊതു വിപണിയെക്കാൾ 20-30% വില കുറച്ച നൽകുകയും ചെയ്തു. 2. തക്കാളി വണ്ടികൾ- എല്ലാ ജില്ലകളിലും കൃഷി വകുപ്പിന്റെയും  വി.എഫ്.പി.സി.കെ യുടെയും നേതൃത്വത്തിൽ, 17.12.2021 മുതൽ 30.12.2021 വരെ, 28 സഞ്ചരിക്കുന്ന വിപണികൾ തക്കാളി വണ്ടികൾ എന്ന പേരിൽ പ്രവർത്തിക്കുകയുണ്ടായി. ഇത്തരത്തിൽ 30.12.2021 വരെ 67 ടൺ പഴം പച്ചക്കറികൾ 29.26 ലക്ഷം രൂപയുടെ വില്പന നടത്തി. 3. ക്രിസ്തുമസ് പുതുവർഷ  വിപണികൾ ഉത്സവകാലത്ത് പച്ചക്കറികളുടെ വില വർദ്ധനവിൽനിന്നും സാധാരണക്കാരെ സഹായിക്കുന്നതിനായി 2000 ഓണവിപണി കളും 1562 ക്രസ്തുമസ് പുതുവർഷ വിപണികളും സംഘടിപ്പിച്ചു.   കൃഷി വകുപ്പ് നേരിട്ട് നടത്തിയ ക്രിസ്തുമസ്  പുതു വർഷ വിപണികൾ വഴി ഏകദേശം 473 ടൺ പച്ചക്കറികൾ ഉൾപ്പെടെ ആകെ 2043 ടൺ പച്ചക്കറികൾ  ന്യായവിലക്ക് ഈ കാലയളവിൽ  ഉപഭോക്താക്കൾക്ക് എത്തിക്കാൻ സാധിച്ചു. ഉത്സവ കാലങ്ങളിൽ കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതു വിപണികളിൽ നിന്നും ലഭ്യമാകുന്ന അതാത് ഇനങ്ങളുടെ സംഭരണ വിലയേക്കാൾ 10% അധികം വില നൽകി സംഭരിക്കുകയും, വിപണികളിലൂടെ വിൽപ്പന നടത്തുമ്പോൾ പൊതു വിപണി വിൽപ്പന വിലയിൽ നിന്നും 30% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയുമാണ് വിപണികൾ പ്രവർത്തിച്ചത്. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി  കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലക്ക് ഉൽപന്നങ്ങൾ ലഭ്യമാക്കാനും സാധ്യമാകുന്നു. |
| (സി) | പച്ചക്കറിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും അതിലൂടെ വിലക്കയറ്റം തടയുന്നതിനുമായി നടപ്പാക്കിയിട്ടുള്ള പച്ചക്കറി വികസന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് പച്ചക്കറിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കൃഷി വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള ബൃഹത്ത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പ്രസ്തുത പദ്ധതിയിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികൾ ഒഴിവാക്കി സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികൾ വ്യാവസായിക അടിസ്ഥാനത്തിലും, |

| | | | |
|---|---|---|---|
| | | | വീട്ടുവളപ്പുകളിലും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുവാൻ വേണ്ടിയുള്ള വിവിധ ഘടകങ്ങൾ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ വീട്ടുവളപ്പിലെ പച്ചക്കറികളുടെ ഉല്പാദനം വർദ്ധിക്കുകയും, വാണിജ്യാടി സ്ഥാനത്തിലുള്ള പച്ചക്കറികൃഷിയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഇതിലൂടെ കഴിഞ്ഞ 5 വർഷങ്ങളിലായി പച്ചക്കറി കൃഷിയുടെ വിസ്തൃതിയും ഉല്പാദനവും ഇരട്ടിലധികമാക്കുവാൻ സാധ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ